# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1617 07/03/2018-ലെ മറുപടി

## കാവേരി നദീ ജല വിഹിതം

**ചോദ്യം**

ശ്രീ. അനിൽ അക്കര

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) കാവേരി നദിയിലേക്ക് കേരളത്തിന്റെ സംഭാവന എത്ര റ്റി.എം.സി ജലമാണ് ;

എ) കാവേരി നദിയിലേയ്ക്ക് , കാവേരിയുടെ കേരളത്തിലെ മൂന്ന് ഉപനദീതടങ്ങളിൽ ( കബനി 96 റ്റി.എം.സി, പാമ്പാർ 15 റ്റി.എം.സി , ഭവാനി 36 റ്റി.എം.സി) നിന്നും കേരളത്തിന്റെ സംഭാവന 147 റ്റി.എം.സി ജലമാണ്.

ബി)കാവേരി ട്രൈബ്യൂണൽ വിധി വരുന്നതിന് മുമ്പ് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിഹിതം എത്ര റ്റി.എം.സി ജലമായി നിജപ്പെടുത്തിയിരുന്നു ;

ബി) കാവേരി നദിയിലെ ഉപഭോഗത്തെ സംബന്ധിച്ച് 1976 ആഗസ്റ്റ് 25,26 തീയതികളിൽ കേന്ദ്ര ജലവിഭവ കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളം, തമിഴ്നാട് , കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾ പങ്കെടുത്ത ചർച്ചയിൽ കാവേരിയുടെ നിലവിലുള്ള ഉപഭോഗം 671 റ്റി.എം.സി എന്നും അതിൽ കേരളത്തിന്റെ ഉപയോഗം 5 റ്റി.എം.സി ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ജലസേചനം ആധുനീകരിച്ച് , തമിഴ്നാട്ടും പുതുച്ചേരിയുടെ കാരയ്ക്കൽ റീജിയനും 15 വർഷം കൊണ്ട് 125 റ്റി.എം.സി ജലം മിച്ചം പിടിക്കണമെന്നും അതിൽ നിന്നും 15 വർഷത്തിനു ശേഷം (1991) 34 റ്റി.എം.സി ജലം കേരളത്തിന്റെ ഉപഭോഗത്തിനായി നൽകണമെന്നായിരുന്നു അന്നത്തെ ചർച്ചയിൽ തീരുമാനിച്ചത്.

| | |
|---|---|
| സി) ട്രൈബ്യൂണലിന്റെ വിധി സുപ്രീകോടതി ശരി വെച്ചതോടു കൂടി എത്ര റ്റി.എം.സി ജലമാണ് ഇനി സംസ്ഥാനത്തിന് ലഭിക്കുന്നത് ; | സി) ട്രൈബ്യൂണലിന്റെ വിധി സുപ്രീം കോടതി ശരിവച്ചതോടെ കേരളത്തിന് 30 റ്റി.എം.സി ജലമാണ് ലഭിക്കേണ്ടത്. |
| ഡി) കബനിയിൽ അനുവദിച്ച 21 റ്റി.എം.സി ജലത്തിൽ വിവിധ പദ്ധതികൾക്ക് കേരളം നിലവിൽ പ്രയോജനപ്പെടുത്തുന്നത് എത്ര റ്റി.എം.സി ജലമാണെന്ന് വ്യക്തമാക്കുമോ ? | ഡി) കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 റ്റി.എം.സി ജലത്തിൽ 11.71 റ്റി.എം.സി ജലം കേരളം ഉപയോഗപ്പെടുത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**